## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1435 | | 06.03.2020-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ചാലിയാർ പുഴയിലെ മാലിന്യം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.പി.വി. അൻവർ | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | പ്രളയാനന്തരം ചാലിയാർ പുഴയിൽ അടിഞ്ഞ് കൂടിയ മണലും മാലിന്യവും നീക്കം ചെയ്യുന്നതിന് നിലമ്പൂർ നിയോജക മണ്ഡലത്തിലെ പോത്തുകൽ, ചുങ്കത്തറ, നിലമ്പൂർ മുനിസിപ്പാലിറ്റി എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ചുങ്കത്തറ ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് സെക്രട്ടറി കൺവീനർ ആയും വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ, ഇറിഗേഷൻ പ്രതിനിധി എന്നിവർ അംഗങ്ങളുമായുമുള്ള പഞ്ചായത്തുതല സമിതി രൂപീകരിച്ച് സെക്രട്ടറിയുടെ ചേംമ്പറിൽ യോഗം ചേരുകയും ചാലിയാർ പുഴയിൽ പ്രളയാവശിഷ്ടങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അസിസ്റ്റന്റ് എൻജിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തു. 02.03.2020-ന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം പോത്തുകല്ല് ഗ്രാമപഞ്ചായത്ത് ചാലിയാർ പുഴയിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലമ്പൂർ നഗരസഭാ പരിധിയിൽ പ്രളയത്തോടനുബന്ധിച്ച് ചാലിയാർ പുഴയിൽ മണലോ മാലിന്യങ്ങളോ അടിഞ്ഞുകൂടിയതായി റിപ്പോർട്ട് ചെയ്തിട്ടില്ല |
| (ബി) | മേൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ എത്ര ക്യൂബിക് മീറ്റർ മാലിന്യങ്ങളാണ് അടുത്ത മഴക്കാലത്തിന് മുമ്പ് നീക്കം ചെയ്യേണ്ടതെന്ന് അറിയിക്കാമോ; | (ബി) | ചുങ്കത്തറ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 17340 ക്യൂബിക് മീറ്റർ മാലിന്യം നീക്കം ചെയ്യേണ്ടതുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിൽ ആയത് തിട്ടപ്പെടുത്തിയിട്ടില്ല. |
| (സി) | മണലും മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ നിർവ്വഹിക്കേണ്ട ഉദ്യോഗസ്ഥർ ആരെന്ന് അറിയിക്കാമോ; വിശദമാക്കാമോ? | (സി) | അതാത് തദേശസ്വയംഭരണസ്ഥാപന സെക്രട്ടറി |

സെക്ഷൻ ഓഫീസർ